# പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി X
## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
**(FOREST, ENVIRONMENT AND TOURISM)**

## പീരിയോഡിക്കൽ റിപ്പോർട്ട്
(2011 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2011)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2011 ജൂലായ് 18-ാം തീയതി സമർപ്പിച്ചത്
(Presented on 18th July, 2011)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2011

**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി X

## (SUBJECT COMMITTEE X)

**വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും**

**(FOREST, ENVIRONMENT AND TOURISM)**

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2011 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2011)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

830/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 23 |

## സബ്ജക്റ്റ് കമ്മിറ്റി X

### വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
### (2011-13)

### ഘടന

ചെയർമാൻ :

ശ്രീ. കെ. ബി. ഗണേഷ്കുമാർ
വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എ. പി. അനിൽകുമാർ
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അജിത്
„ ബി. ഡി. ദേവസ്സി
„ ഹൈബി ഈഡൻ
„ മോൻസ് ജോസഫ്
„ എസ്. രാജേന്ദ്രൻ
„ രാജു എബ്രഹാം
„ ബി. സത്യൻ
„ കെ. എം. ഷാജി
„ സണ്ണി ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീമതി കെ. ലൈലാബീവി, അഡീഷണൽ സെക്രട്ടറി
ശ്രീ. കെ. ഉദയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി.

# അവതാരിക

വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (2010-11)-ന്റെ 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 232-ാം ചട്ടം ഭേദഗതി ചെയ്തതനുസരിച്ച് നിലവിലുണ്ടായിരുന്ന 10 സബ്ജക്ട് കമ്മിറ്റികളെ 2010 ജൂൺ 28 മുതൽ 14 സബജക്ട് കമ്മിറ്റികളായി പുനഃക്രമീകരിക്കുക യുണ്ടായി. വനവും, പരിസ്ഥിതിയും, വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2010ഏപ്രിൽ 8-ാം തീയതിയിലെ 4832/Legn.2/09/Leg. നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം നിലവിൽ വന്നു. പ്രസ്തുത സമിതിയിൽ ശ്രീ. ബിനോയ് വിശ്വം ചെയർമാനും, ശ്രീ. കോടിയേരി ബാലകൃഷ്ണൻ എക്സ്-ഒഫീഷ്യോ അംഗവും സർവ്വ ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി, ബാബു എം. പാലിശ്ശേരി, ശ്രീമതി ഇ. എസ്. ബിജി മോൾ, സർവ്വശ്രീ. കെ. ബി. ഗണേഷ്കുമാർ, ജോർജ് എം. തോമസ്, എം. ഹംസ, സി. പി. മുഹമ്മദ്, റോഷി അഗസ്റ്റിൻ, തോമസ് ചാണ്ടി എന്നിവർ അംഗങ്ങളുമായിരുന്നു. ടി സമിതി 14-5-2011-ന് പന്ത്രണ്ടാം കേരള നിയമസഭ പിരിച്ചു വിടുന്നതുവരെ തുടരുകയുണ്ടായി. പ്രസ്തുത സമിതിയുടെ രൂപീകരണത്തിനുശേഷമുള്ള 7-12-2010-ലെ യോഗത്തിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 7-12-2010-ലെ യോഗം ടൂറിസം, വനം, വന്യജീവി വകുപ്പുകളെ സംബന്ധിച്ച ഏതാനും ചട്ടങ്ങളുടെ പരിശോധനയ്ക്കായാണ് ചേർന്നിരുന്നത്. അംഗങ്ങളുടെ ശരാശരി ഹാജർനില 55% ആയിരുന്നു.

രണ്ട് ഭാഗങ്ങളുള്ള റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്ത് റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച വിവിധ ധനാഭ്യർത്ഥനകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും രണ്ടാം ഭാഗത്ത് സമിതി ചർച്ച ചെയ്ത വിഷയത്തെ സംബന്ധിച്ച വിശദാം ശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധ മായി ചേർത്തിരിക്കുന്നു.

13-ാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതി രൂപീകരിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ (2011-13) 2011 ജൂലൈ 14-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2011, ജൂലായ് 14.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

# റിപ്പോർട്ട്

## ഭാഗം I

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളും
അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1988-89-ലെ രണ്ടാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 18

ശുപാർശ

നെല്ലിയാമ്പതിയിൽ നിന്നും പറമ്പിക്കുളത്തേക്കുള്ള നടപ്പാത സഞ്ചാരയോഗ്യമാക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി-വനം-വന്യജീവി സംരക്ഷണ വിദഗ്ദ്ധരുമായി വിശദമായ ഒരു സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പറമ്പിക്കുളം-തേക്കടി-ചെമ്മണാംപതി റോഡ് സഞ്ചാരയോഗ്യമാക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിന് 2010-11 സാമ്പത്തിക വർഷത്തിലെ ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷനിൽ ഐറ്റം നമ്പർ 18 ആയി അനുമതി ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പരിസ്ഥിതി ആഘാത പഠനത്തിനുള്ള പ്രോജക്ട് പ്രൊപ്പോസൽ, ഡയറക്ടർ, കേരള വനം ഗവേഷണ കേന്ദ്രം (കെ.എഫ്.ആർ.ഐ.), പീച്ചിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കാനായി വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എസ്റ്റിമേറ്റ് പാസാക്കിയിട്ടുള്ളതും കെ.എഫ്.ആർ.ഐ. മുഖേന പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായും വന്യജീവി വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്.

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2003-04-ലെ മൂന്നാമത് റിപ്പോർട്ട്

ഖണ്ഡിക നമ്പർ 10

ശുപാർശ

സംസ്ഥാനത്ത് സാമൂഹ്യവനവൽക്കരണ പദ്ധതി അനുസരിച്ചുള്ള കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻസ് പദ്ധതി ആറ് ജില്ലകളിൽ മാത്രമേ ഇപ്പോൾ നടപ്പാക്കിയിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലും (9 ജില്ലകൾ) ഹരിതതീരം എന്ന പേരിൽ തീരപ്രദേശങ്ങളിൽ വനവൽക്കരണം നടത്തിയിട്ടുണ്ട്. 2007-08-ൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം 162.15 ഹെക്ടർ സ്ഥലത്ത് കാറ്റാടിതൈകളും 2.65 ഹെക്ടർ സ്ഥലത്ത് കണ്ടൽച്ചെടികളും നട്ടുപിടിപ്പിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 11

ശുപാർശ

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഗാന്ധിസ്മൃതിവന പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആലപ്പുഴ ജില്ലയിലെ പുറക്കാട് വില്ലേജിൽ ഗാന്ധിസ്മൃതിവനം സ്ഥാപിക്കുന്നതിനായി 600 ഏക്കർ ഭൂമി ഏറ്റെടുത്ത് വനം വകുപ്പിന് കൈമാറുന്നതിന് 15-11-1994-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ.(എംഎസ്.) 54/94/വനം. പ്രകാരം ഉത്തരവായിരുന്നു. ഭൂമി ഏറ്റെടുത്ത് വനം വകുപ്പിന് കൈമാറുന്നതിനായി 150 ലക്ഷം രൂപ വനംവകുപ്പ് ആലപ്പുഴ ജില്ലാകളക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഇതുവരെയും ഭൂമി ഏറ്റെടുത്ത് വനംവകുപ്പിന് കൈമാറിയിട്ടില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2006-07-ലെ ഒന്നാമത് റിപ്പോർട്ട്

ഖണ്ഡിക നമ്പർ 46

ശുപാർശ

വനംവകുപ്പ് ജീവനക്കാരുടെ ഇൻസർവ്വീസ് ട്രെയിനിംഗ് പുതിയതായി റിക്രൂട്ട് ചെയ്യപ്പെടുന്ന ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റർ എന്നിവരുടെ ചെലവ് എന്നീ ആവശ്യങ്ങൾക്കാണ് ഈ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള തുക ചെലവഴിക്കുന്നത്. പുതിയതായി നിയമിച്ച ഫോറസ്റ്റ് ഓഫീസർമാരുടെ പരിശീലനത്തിനും ഫോറസ്റ്റ് സ്റ്റേഷനുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുതുതായി നിയമിച്ച ഫോറസ്റ്ററാഫീസർമാരുടെ പരിശീലനത്തിനും മറ്റുമായി 2406-01-003-99-വിദ്യാഭ്യാസവും പരിശീലനവും എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി 2006-07 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു.

ഖണ്ഡിക നമ്പർ 47

ശുപാർശ

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന വനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും പുതിയ സ്ഥലങ്ങളിൽ വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന വനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും പുതിയ സ്ഥലങ്ങളിൽ വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 2406-01-101-94-നശിപ്പിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അധികം തുക അനുവദിക്കുകയുണ്ടായില്ല.

ഖണ്ഡിക നമ്പർ 48

ശുപാർശ

വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ യന്ത്രസാമഗ്രികൾ വാങ്ങുക, ഫോറസ്റ്റ് സ്റ്റേഷൻ ശക്തിപ്പെടുത്തുക, വാഹനം വാങ്ങുക എന്നീ ആവശ്യങ്ങൾക്കാണ് ഈ തുക വിനിയോഗിക്കേണ്ടത്. ബഡ്ജറ്റിൽ അനുവദിച്ച ഈ തുകകൊണ്ട് വനസംരക്ഷണം കൂടുതൽ ഫലപ്രദമാക്കാൻ കഴിയില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ, 110 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി വനംവകുപ്പ് ഉദ്യോഗസ്ഥൻമാർ യന്ത്രസാമഗ്രികൾ വാങ്ങുക, ഫോറസ്റ്റ് സ്റ്റേഷൻ ശക്തിപ്പെടുത്തി വാഹനം വാങ്ങുക എന്നീ ആവശ്യങ്ങൾക്കായി 2406-01-800-95-വനസംരക്ഷണം എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുക 2006-07 സാമ്പത്തിക വർഷത്തെ ചെലവുകൾക്കായി മതിയാകും എന്ന് കണ്ടെത്തിയതിനാൽ സമിതി ശുപാർശ ചെയ്ത അധിക തുക ആവശ്യമായിവന്നില്ല.

ഖണ്ഡിക നമ്പർ 49

ശുപാർശ

റോഡ് പ്രവർത്തനങ്ങൾ വനസംരക്ഷണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. ഏകദേശം 4000 കിലോമീറ്റർ ഫോറസ്റ്റ് റോഡുകളുള്ള കേരളത്തിൽ ഇവയുടെ സമയാസമയങ്ങളിലുള്ള പരിചരണത്തിന് കോട്ടം സംഭവിച്ചാൽ അത് വനസംരക്ഷണമേഖലയെ കാര്യമായി ബാധിക്കും. ആയതിനാൽ, ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 4406-01-070-99-റോഡുകൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ പ്രസ്തുത സാമ്പത്തിക വർഷം അധികമായി ആവശ്യമാണെന്നു കണക്കാക്കിയ 100 ലക്ഷം രൂപ അനുവദിക്കുകയുണ്ടായില്ല.

ഖണ്ഡിക നമ്പർ 50

ശുപാർശ

മറയൂരിലെ പുതിയ ഫോറസ്റ്റ് ഡിവിഷൻ, 4 ഫോറസ്റ്റ് സ്റ്റേഷനുകൾ, ഇവയുടെ ഓഫീസ്, സ്റ്റേഷൻ എന്നിവയുടെ നിർമ്മാണത്തിന് ചുരുങ്ങിയത് 300 ലക്ഷം രൂപ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സ്ഥലങ്ങളിൽ ഓഫീസ് ക്വാർട്ടേഴ്സ് സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. കൂടാതെ മറ്റു പല വനം ഡിവിഷനുകളിലും അറ്റകുറ്റപ്പണികൾ നടത്തേണ്ടുന്നതുമാണ്. ഈ ആവശ്യത്തിലേക്കായി ഇപ്പോൾ ലഭ്യമായ തുക തീരെ കുറവായതിനാൽ പ്രസ്തുത ഹെഡിലേക്ക് 80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 4406-01-070-97-കെട്ടിടങ്ങൾ എന്ന ശീർഷകത്തിൽ 2006-07 വർഷം 80 ലക്ഷം രൂപ അനുവദിക്കുകയുണ്ടായില്ല.

ഖണ്ഡിക നമ്പർ 51

ശുപാർശ

തേക്ക് കൂടാതെയുള്ള കടുപ്പമേറിയ ഘനമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് 10 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തേക്ക് കൂടാതെയുള്ള കടുപ്പമേറിയ ഘനമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് അധികതുക അനുവദിക്കണമെന്ന സമിതി ശുപാർശ കണക്കിലെടുത്ത് അധികതുക ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചിരുന്നുവെങ്കിലും അധികതുക 2006-07 സാമ്പത്തിക വർഷത്തിൽ അനുവദിക്കുകയുണ്ടായില്ല.

ഖണ്ഡിക നമ്പർ 52

ശുപാർശ

ന്യൂസ്പ്രിന്റ് സ്ഥാപനങ്ങൾക്ക് പൾപ്പ് വുഡ് ആവശ്യത്തിനായി അസംസ്കൃത പദാർത്ഥങ്ങൾ നൽകുന്നതിനുവേണ്ടി കേരളത്തിലെ വനങ്ങളിൽ നിന്നും യൂക്കാലിപ്റ്റ്സ്, അക്കേഷ്യ തുടങ്ങിയ തോട്ടങ്ങൾ വെട്ടി എടുക്കാറുണ്ട്. ഈ തോട്ടങ്ങളിൽ പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും പോയ വർഷങ്ങളിലെടുത്ത തോട്ടങ്ങളുടെ അത്യാവശ്യം പരിചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 70 ലക്ഷം രൂപ കൂടി ഈയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരളത്തിലെ വനങ്ങളിൽ നിന്നും യൂക്കാലിപ്റ്റ്സ്, അക്കേഷ്യ തുടങ്ങിയ തോട്ടങ്ങൾ വെട്ടി എടുക്കാറുള്ളതിനു പകരമായി ഈ തോട്ടങ്ങളിൽ പുതിയ തൈകൾ വച്ചു പിടിപ്പിക്കുന്നതിനും പോയ വർഷങ്ങളിലെടുത്ത തോട്ടങ്ങളുടെ അത്യാവശ്യം പരിചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 4406-01-100-85-വ്യവസായ അസംസ്കൃത വസ്തുക്കൾ എന്ന ശീർഷകത്തിൽ അധികതുക അനുവദിക്കാൻ ശുപാർശ നൽകിയിരുന്നുവെങ്കിലും അധികതുക 2006-07 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 53

ശുപാർശ

മണ്ണ്, ജലസംരക്ഷണത്തിനും, തീരദേശങ്ങൾ, നദികളുടെ തീരങ്ങൾ എന്നിവയുടെ സംരക്ഷണത്തിന് മരം വച്ചുപിടിപ്പിക്കുന്നതിനും വനത്തിന് പുറത്തുള്ള സ്ഥലങ്ങളിൽ വനവൽക്കരണ പ്രവർത്തനത്തിനുമായി പുതിയ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സൈറ്റ് സ്പെസിഫിക് പ്ലാനുകൾ തയ്യാറാക്കി പഞ്ചായത്ത്, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ 14 ജില്ലകളിലും 10 ഹെക്ടർ വീതമെങ്കിലും പ്രവർത്തനം അടുത്ത 3 വർഷത്തേക്ക് നടത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഹരിതകേരളം പദ്ധതിയും കൂടുതൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. ഈ ആവശ്യങ്ങളിലേക്കായി ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ, ഇതിലേക്കായി ഒരു പുതിയ ശീർഷകത്തിൽ 90 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മണ്ണ്, ജലസംരക്ഷണത്തിനും, തീരദേശങ്ങൾ, നദികളുടെ തീരങ്ങൾ എന്നിവയുടെ സംരക്ഷണത്തിന് മരം വച്ചു പിടിപ്പിക്കുന്നതിനും വനത്തിന് പുറത്തുള്ള സ്ഥലങ്ങളിൽ വനവൽക്കരണ പ്രവർത്തനത്തിനുമായി 2406-01-102-90-തീരവനം എന്ന ശീർഷകത്തിൽ 146 ലക്ഷം രൂപ 2006-07 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിരുന്നു.

ഖണ്ഡിക നമ്പർ 54

ശുപാർശ

സുനാമി പോലുള്ള ദുരന്തങ്ങൾ തടയുന്നതിന് കണ്ടൽക്കാടുകൾ ഒരു പരിധിവരെ സഹായകരമാണ്. ആയതിനാൽ, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി കണ്ടൽക്കാടുകളുടെ വികസനത്തിനും തീരദേശത്തിന് അനുയോജ്യമായ മറ്റു സസ്യജാലങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും 300 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ ആവശ്യത്തിലേക്കായി 4406-01-102-98-അഫോറസ്റ്റേഷൻ ഓഫ് ഇക്കോളജിക്കൽ ഫ്രജയിൽ ലാന്റ് എന്ന ശീർഷകത്തിൽ 300 ലക്ഷം രൂപ 2006-07 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിരുന്നു.

ഖണ്ഡിക നമ്പർ 55

ശുപാർശ

മറയൂരിൽ ആനത്താര ഒരുക്കുന്നതിന് 3.146 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മറയൂരിൽ ആനത്താര ഒരുക്കുന്നതിന് 3.146 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി 4406-01-102-97-എന്ന ശീർഷകത്തിൽ 29.19 ലക്ഷം രൂപ 2006-07 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിരുന്നു.

ഖണ്ഡിക നമ്പർ 56

ശുപാർശ

50% കേന്ദ്രസഹായത്തോടെ നടത്തിവരുന്ന പദ്ധതിയാണിത്. ഈ പരിപാടിയുടെ ആവർത്തന ചെലവുകൾ ഒഴികെയുള്ളവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് ഈ തുക വകകൊള്ളിച്ചിരിക്കുന്നത്. ഈ തുകയും കൂടി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും പെരിയാർ ടൈഗർ റിസർവ്വിനുവേണ്ടി 2406-02-110-93 എന്ന ശീർഷകത്തിലേക്ക് വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2406-02-110-93- പെരിയാർ ടൈഗർ റിസർവ്വ് പ്രോജക്ട് എന്ന ശീർഷകത്തിൽ പെരിയാർ ടൈഗർ റിസർവ്വിനുവേണ്ടി ആവർത്തന ചെലവുകൾ ഒഴികെയുള്ളവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 55 ലക്ഷം രൂപ ധനപുനർവിനിയോഗംവഴി അധികമായി 2006-07 സാമ്പത്തിക വർഷം ലഭ്യമാക്കിയിരുന്നു.

ഖണ്ഡിക നമ്പർ 57

ശുപാർശ

വന്യമൃഗങ്ങളെ വേട്ടയാടൽ, കഞ്ചാവ് കൃഷി, മരം മുറിച്ചു കടത്തൽ എന്നിവയെക്കുറിച്ചുള്ള വിവരം അറിയിക്കുന്ന വ്യക്തികൾക്ക് അവാർഡുകൾ നൽകി വരുന്നുണ്ട്. വളരെ രഹസ്യമായി സൂക്ഷിക്കുന്ന ഇത്തരം പ്രവർത്തികളെ പ്രോൽസാഹിപ്പിക്കുന്നതിനും വിജിലൻസ് വിംഗിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ഫോറസ്റ്റ് ഫോഴ്സിനുള്ള റിവാർഡുകൾക്കുമായി 5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വന്യമൃഗങ്ങളെ വേട്ടയാടൽ, കഞ്ചാവ് കൃഷി, മരം മുറിച്ചു കടത്തൽ എന്നിവയെക്കുറിച്ചുള്ള വിവരം

അറിയിക്കുന്ന വ്യക്തികൾക്ക് അവാർഡുകൾ നൽകുന്നതിനും വളരെ രഹസ്യമായി സൂക്ഷിക്കുന്ന ഇത്തരം പ്രവർത്തനം കൂടുതൽ കാര്യക്ഷമമമാക്കുന്നതിനും ഫോറസ്റ്റ് ഫോഴ്സിനുള്ള റിവാർഡുകൾക്കുമായി 2406-01-001-95-15-സീക്രട്ട് സർവ്വീസ് എക്സ്പെൻഡിച്ചർ എന്ന ശീർഷകത്തിൽ ധനപുനർ വിനിയോഗംവഴി 2.90 ലക്ഷം രൂപ അധികമായി 2006-07 സാമ്പത്തിക വർഷം ലഭ്യമാക്കിയിരുന്നു.

ഖണ്ഡിക നമ്പർ 58

ശുപാർശ

വനനശീകരണം വ്യാപകമാകുന്ന പ്രവണത കൂടിവരുന്നതിനാൽ നശിപ്പിക്കപ്പെടുന്ന വനങ്ങൾ പുനരുദ്ധരിക്കേണ്ടതാണെന്നും ഉയരമുള്ള സ്ഥലങ്ങളിൽ ജലദൗർലഭ്യം ഉണ്ടാകുന്നതിനാൽ പശ്ചിമഘട്ട നിരകൾക്ക് സംരക്ഷണം നൽകുന്നതിനായി പശ്ചിമഘട്ട സംരക്ഷണം എന്ന പുതിയ ഹെഡ് തുടങ്ങണമെന്നും അതിനാവശ്യമായ തുക വകകൊളളിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിവിധ വകുപ്പുകൾവഴി പശ്ചിമഘട്ട വികസന പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. വനം വകുപ്പിന് മാത്രമായി ഈ പദ്ധതി നടപ്പിലാക്കുന്നതിനു പ്രത്യേക ബഡ്ജറ്റ് ശീർഷകം തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടില്ല. വരും വർഷങ്ങളിൽ ആയത് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഖണ്ഡിക നമ്പർ 59

ശുപാർശ

വനം വകുപ്പിന്റെ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ, ടെലിഫോൺ ചാർജ്, യാത്രാബത്ത, മറ്റ് അനുബന്ധചെലവുകൾക്കുമായി പദ്ധതിയേതര ഇനത്തിൽ 27.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ, ടെലിഫോൺ ചാർജ്, യാത്രാബത്ത, മറ്റ് അനുബന്ധ ചെലവുകൾക്കുമായി നടപ്പുസാമ്പത്തിക വർഷം ആവശ്യമായി വന്ന തുക ധനപുനർവിനിയോഗംവഴി കണ്ടെത്തിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 60

ശുപാർശ

നിലവിലുള്ള റോഡുകളുടേയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾക്കും മരാമത്ത് പണികൾക്കുമായി 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തിക വർഷം 2406-01-070-99-റോഡുകളും പാലങ്ങളും എന്ന ബഡ്ജറ്റ് ഹെഡിൽ അനുവദിച്ച തുകയേക്കാൾ അധികമായി സമിതി ശുപാർശ ചെയ്ത തുക പ്രതീക്ഷിച്ചതുപോലെ വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അധികതുക ആവശ്യമായി വന്നില്ല.

ഖണ്ഡിക നമ്പർ 61

ശുപാർശ

ഫോറസ്റ്റ് ജീവനക്കാരുടെ ക്വാർട്ടേഴ്സ് മരാമത്ത് പണികൾക്കും അറ്റകുറ്റപ്പണികൾക്കുമായി 40 ലക്ഷം രൂപ കൂടുതലായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തിക വർഷം 2406-01-070-98-കെട്ടിടങ്ങൾ എന്ന ബഡ്ജറ്റ് ഹെഡിൽ അനുവദിച്ച തുകയേക്കാൾ അധികമായി സമിതി ശുപാർശ ചെയ്ത തുക പ്രതീക്ഷിച്ചതുപോലെ വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അധികതുക ആവശ്യമായി വന്നില്ല.

ഖണ്ഡിക നമ്പർ 62

ശുപാർശ

വനംവകുപ്പ് സംരക്ഷിച്ചുവരുന്ന മൃഗങ്ങളുടെ പരിചരണത്തിനായി 20 ലക്ഷം രൂപ കൂടുതലായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വനംവകുപ്പ് സംരക്ഷിച്ചുവരുന്ന മൃഗങ്ങളുടെ പരിചരണത്തിനായി 25 ലക്ഷം രൂപ 2406-01-105-94-ലൈവ്സ്റ്റോക്ക് എന്ന ശീർഷകത്തിൽ അധികമായി 2006-07 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2007-08-ലെ രണ്ടാമത് റിപ്പോർട്ട്

ഖണ്ഡിക നമ്പർ 93

ശുപാർശ

കേരളത്തിലെ വൃക്ഷങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അതുവഴി മരങ്ങളുടെ ആവരണം ഉണ്ടാക്കുന്നതിനും വനം വകുപ്പിന്റെ ധാരാളം കർമ്മ പദ്ധതികൾ നടപ്പാക്കാനും ഉദ്ദേശിച്ചുള്ള ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന 100 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യമായതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2406-01-800-98-34-മറ്റുചെലവുകൾ.

സമിതി ശുപാർശ ചെയ്തതനുസരിച്ച് 200 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിനുവേണ്ടി ശുപാർശ നൽകിയിരുന്നുവെങ്കിലും ജൂലൈ 2007-ലെ ഉപധനാഭ്യർത്ഥനയിലൂടെ 100 ലക്ഷം രൂപയാണ് അധികമായി ലഭിച്ചിട്ടുള്ളത്.

ഖണ്ഡിക നമ്പർ 98

ശുപാർശ

കഴിഞ്ഞ സാമ്പത്തിക വർഷം 235 ലക്ഷം രൂപ വകയിരുത്തിയിരുന്ന ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. വനവിഭവങ്ങളെ ശാസ്ത്രീയ രീതിയിൽ പരിപാലിക്കുന്നതിന് ഒരു ജി.ഐ.എസ്. യൂണിറ്റും എഫ്.എം.ഐ.എസ്സ് യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനത്തിനും ഡിപ്പാർട്ടുമെന്റിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ, ഈ ശീർഷകത്തിൽ ഈ വർഷവും 235 ലക്ഷം രൂപ വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2406-01-102-92

സമിതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യത്തിലേക്കായി 235 ലക്ഷം രൂപ വകകൊള്ളിക്കണമെന്ന് ശുപാർശ നൽകിയിരുന്നുവെങ്കിലും ജൂലൈ 2007-ലെ ഉപധനാഭ്യർത്ഥനയിലൂടെ 1000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

ഖണ്ഡിക നമ്പർ 100

ശുപാർശ

വനവിഭവ പരിപാലനം ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുക, വനങ്ങളെ ആശ്രയിച്ചു ജീവിക്കുന്നവരുടെ ജീവിതമാർഗ്ഗം മെച്ചപ്പെടുത്തുക തുടങ്ങി ഈ പദ്ധതിയിൻ കീഴിലുള്ള വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനും, സ്റ്റാഫിന്റെ ശമ്പളത്തിനുമായി ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ഇനത്തിൽ തുക വകയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2004 ജൂൺ മാസത്തിൽ ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി എന്ന പദ്ധതി പൂർത്തീകരിച്ചു. ഈ പദ്ധതിക്കായി അനുവദിച്ച ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് മറ്റ് ശീർഷകങ്ങളിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ചുവരുന്നതിനാൽ 2406-02-110-69 ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി എന്ന ശീർഷകത്തിൽ അധിക തുക ലഭ്യമാക്കുവാൻ ശുപാർശ സമർപ്പിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 102

ശുപാർശ

50 ഹെക്ടർ കണ്ടൽ കാടുകൾ സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. എന്നാൽ, ഈ പദ്ധതിക്കായി ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ 300 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

50 ഹെക്ടർ കണ്ടൽ കാടുകൾ സ്വകാര്യവ്യക്തികളിൽ നിന്നും ഏറ്റെടുക്കുന്നതിനായി 2007-08 സാമ്പത്തിക വർഷം 300 ലക്ഷം രൂപ 2406-01-800-73 ദുർബല പരിസ്ഥിതി സംരക്ഷണം എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും സ്വകാര്യ വ്യക്തികളിൽ നിന്നും കണ്ടൽ കാടുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ കഴിയാത്തതിനാൽ 2007-08 സാമ്പത്തിക വർഷം അധികതുകയുടെ ആവശ്യകത ഉണ്ടായില്ല. ആയതിനാൽ ഈ ആവശ്യത്തിലേക്ക് അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നില്ല.

ഖണ്ഡിക നമ്പർ 104

ശുപാർശ

സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിലുള്ള തീരവനം പദ്ധതിക്ക് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. തീരപ്രദേശത്തിലെ തോട്ടങ്ങളുടെ പരിപാലനത്തിന് വേണ്ടിയും ജനപങ്കാളിത്തത്തോടെ തീരപ്രദേശങ്ങളിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിച്ച് പുതിയ തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടിയും തുക വകയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു. ഈ ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 146 ലക്ഷം രൂപ അനുവദിച്ചിരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട ശീർഷകത്തിൽ 525 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സുനാമി പുനരധിവാസപദ്ധതി വനംവകുപ്പും മത്സ്യബന്ധനവകുപ്പും സംയുക്തമായാണ് നടപ്പിലാക്കിവരുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടി മത്സ്യബന്ധനവകുപ്പ് സ്വീകരിച്ചിട്ടുള്ളതിനാൽ വനംവകുപ്പ് പ്രത്യേക നടപടികളൊന്നുംതന്നെ കൈക്കൊണ്ടിട്ടില്ല.

ഖണ്ഡിക നമ്പർ 94

ശുപാർശ

വനശാസ്ത്രത്തിൽ നൂതന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിനും നടപ്പിലാക്കുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്ക് 130 ലക്ഷം രൂപ അനുവദിച്ചിരുന്നു

എങ്കിലും ഈ വർഷത്തെ ബഡ്ജറ്റിൽ 30 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക വളരെ പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായുള്ള ബഡ്ജറ്റ് വിഹിതം 130 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2406-01-003-99-34—മറ്റുചെലവുകൾ

വനശാസ്ത്രത്തിൽ നൂതന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിനും നടപ്പിലാക്കുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുന്നതിലേക്കുമായി വിഷയനിർണ്ണയസമിതിയുടെ ശുപാർശപ്രകാരം 100 ലക്ഷം രൂപ അധികമായി അനുവദിക്കുവാനായി ശുപാർശ സമർപ്പിച്ചിരുന്നെങ്കിലും 30 ലക്ഷം രൂപയാണ് അധികമായി അനുവദിച്ചു കിട്ടിയിട്ടുള്ളത്.

ഖണ്ഡിക നമ്പർ 95 & 96

ശുപാർശ

4000 കിലോമീറ്റർ റോഡുകളുള്ള കേരളത്തിൽ ഇവയുടെ സമയാസമയങ്ങളിലുള്ള നവീകരണത്തിന് കോട്ടം സംഭവിച്ചാൽ അവ വനസംരക്ഷണ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി കരുതുന്നു. വനത്തിനുള്ളിലുള്ള ചെറിയ റോഡുകളുടെ പരിപാലനം നടത്തുന്നതിലേക്കായി ഈ ശീർഷകത്തിൽ വകകൊള്ളിച്ചിരിക്കുന്ന തുക തുലോം പരിമിതമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി ഉൾക്കൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4406-01-070-99—റോഡുകൾ

അധികമായി തുക അനുവദിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 97

ശുപാർശ

ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് സ്ഥാപനത്തിന് പൾപ്പ് വുഡ് ആവശ്യത്തിനായി അസംസ്കൃത പദാർത്ഥങ്ങൾ നൽകുന്നതിന് സർക്കാരിന് ബാദ്ധ്യതയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി വനങ്ങളിൽ നിന്നും തോട്ടങ്ങൾ വെട്ടി തടി എടുക്കാറുള്ളതിനാൽ ടി സ്ഥലത്ത് റീ-പ്ലാന്റേഷൻ നടത്തേണ്ടത് അത്യാവശ്യമാണ്. ഇതിലേക്കായി വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി 115 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4406-01-105-85

സമിതിയുടെ ശുപാർശപ്രകാരം ടി ആവശ്യത്തിലേക്കായി 115 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 99

ശുപാർശ

വനാതിർത്തിയോട് ചേർന്ന് വില്ലേജുകളിലും വനത്തിനുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലും വന്യജീവി ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കൽ, വൈദ്യുത കമ്പിവേലിയുടെ നിർമ്മാണം, അന്യം നിന്നുപോകാൻ സാദ്ധ്യതയുള്ള ജീവ ജാലങ്ങളുടെ പ്രത്യേക സംരക്ഷണം, കണ്ടൽക്കാട്, കാവുകൾ, കടൽജീവികൾ എന്നിവ യുടെ സംരക്ഷണം, പൊതുജനങ്ങളിൽ പ്രകൃതി സംരക്ഷണ അവബോധം വളർത്താ നുള്ള നടപടി, മൂന്നാറിൽ ഫോറസ്റ്റ് ട്രെയിനിംഗ് കോളേജ് സ്ഥാപിക്കുക, ജൈവ സ്രോതസ്സുകളുടെ സംരക്ഷണം, കാട്ടുതീ തടയൽ, പരിസ്ഥിതി വികസന പ്രവർത്തനം, വന്യജീവി വാരാഘോഷം, കടൽജീവികളുടെ സംരക്ഷണം, ദേശാടന പക്ഷികളുടെ സംരക്ഷണ പരിപാടി, കഞ്ചാവ് കൃഷി തടയൽ തുടങ്ങിയ വിവിധ പരിപാടികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക തുലോം പരിമിതമാണ്. ആയതി നാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2406-02-110-68

പരാമർശ പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ പദ്ധതി നടത്തി പ്പിനായി കൂടുതൽ തുക കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചു ലഭിക്കാത്തതിനാൽ ഈ ആവശ്യത്തിലേക്കായി സമിതി ശുപാർശ ചെയ്തതിൻ പ്രകാരം 100 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 105

ശുപാർശ

വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക തുലോം പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2406-01-001-99-ൽ 2 ലക്ഷം രൂപയും 2406-01-001-98-ൽ 1.20 ലക്ഷം രൂപയും 2406-01-001-97-ൽ 20,000 രൂപയും 2406-01-001-96-ൽ 1.50 ലക്ഷം രൂപയും 2406-01-101-95-ൽ 4 ലക്ഷം രൂപയും 2406-01-101-99-ൽ 1.50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്

സമിതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2.5 ലക്ഷം രൂപ 2406-01-001-99-01-4 എന്ന ശീർഷകത്തിലും 7.16 ലക്ഷം രൂപ 2406-01-001-95-01-4 എന്ന ശീർഷകത്തിലും അനുവദിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 106

ശുപാർശ

ഉദ്യോഗസ്ഥർക്ക് യാത്രാബത്ത നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക പരിമിതമാണെന്ന് സമിതിക്ക് ബോദ്ധ്യമായതിനാൽ 2406-01-001-99-ൽ 6 ലക്ഷം രൂപയും 2406-01-001-98-ൽ 1 ലക്ഷം രൂപയും 2406-01-001-97-ൽ 20,000 രൂപയും 2406-01-001-98-ൽ 2.50 ലക്ഷം രൂപയും 2406-01-001-95-ൽ 5 ലക്ഷം രൂപയും 2406-01-101-99-ൽ 3 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

യാത്രാബത്ത

ഉദ്യോഗസ്ഥർക്ക് യാത്രാബത്ത നൽകുന്ന ആവശ്യത്തിലേക്കായി സമിതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അധികതുകയുടെ ആവശ്യകതയനുസരിച്ച് 2406-01-001-98-04-1 Tour TA എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും 2406-01-001-95-04-1 Tour TA എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും അനുവദിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 107

ശുപാർശ

വനംവകുപ്പിന്റെ കീഴിൽ നിലവിലുള്ള റോഡുകളുടെയും കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. റോഡുകളുടെയും കെട്ടിടങ്ങളുടെയും അറ്റകുറ്റപണികൾ നടത്തേണ്ടത് അനിവാര്യമായതിനാൽ 2406-01-070-99-റോഡുകളും പാലങ്ങളും എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും (17) ചെറുകിട മരാമത്ത് പണികൾ (18) അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 10 ലക്ഷം രൂപയും 2406-01-070-98-കെട്ടിടങ്ങൾ എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും അധികമായി ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2406-01-070-99-റോഡുകളും പാലങ്ങളും (17) ചെറുകിട മരാമത്ത് പണികൾ (18) അറ്റകുറ്റപ്പണികൾ 2406-01-070-98-കെട്ടിടങ്ങൾ എന്ന ശീർഷകങ്ങളിൽ അനുവദിച്ച തുകയെക്കാൾ അധികമായി സമിതി ശുപാർശ ചെയ്ത തുക വിനിയോഗിക്കുവാൻ പ്രതീക്ഷിച്ചതുപോലെ കഴിയാത്ത സാഹചര്യത്തിൽ അധിക തുകയുടെ ആവശ്യകത ഉണ്ടായില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2008-09-ലെ മൂന്നാമത് റിപ്പോർട്ട്

### ഖണ്ഡിക നമ്പർ 79

### ശുപാർശ

വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക തുലോം പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ—

2406-01-001-99-01(4)-ൽ 3 ലക്ഷം രൂപയും

2406-01-001-99-01(4)-ൽ 1.30 ലക്ഷം രൂപയും

2406-01-001-97-01(4)-ൽ 1.50 ലക്ഷം രൂപയും

2406-01-001-96-01(4)-ൽ 1 ലക്ഷം രൂപയും

2406-01-001-95-01(4)-ൽ 4 ലക്ഷം രൂപയും

2406-01-101-99-01(4)-ൽ 2 ലക്ഷം രൂപയും

അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 2008-09 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക പരിമിതമായതിനാൽ വിഷയനിർണ്ണയസമിതിയുടെ ശുപാർശ പ്രകാരം ആവശ്യമായ അധികതുക ധനപുനർവിനിയോഗംവഴി കണ്ടെത്തുന്നതിനു നടപടി സ്വീകരിക്കുകയുണ്ടായി. ആയതനുസരിച്ച് വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ സർക്കാർ അനുവദിച്ച അധിക തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ബഡ്ജറ്റ് ശീർഷകം | | അധിക തുക |
|---|---|---|
| 2406-01-001-99-01-4-MR | .. | 15,77,000 രൂപ |
| 2406-01-001-95-01-4-MR | .. | 7,55,000 രൂപ |
| 2406-01-001-98-01-4-MR | .. | 40,000 രൂപ |
| 2406-01-800-95-01-4-MR | .. | 3,05,000 രൂപ |
| 2406-02-110-99-01-4-MR | .. | 1,00,000 രൂപ |

ഖണ്ഡിക നമ്പർ 80

ശുപാർശ

വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക പരിമിതമാണെന്ന് സമിതിക്ക് ബോദ്ധ്യമായതിനാൽ

2406-01-001-99-04 (1)-ൽ 6 ലക്ഷം രൂപയും

2406-01-001-98-04 (1)-ൽ 1 ലക്ഷം രൂപയും

2406-01-001-97-04 (1)-ൽ 20,000 രൂപയും

2406-01-001-96-04 (1)-ൽ 2.50 ലക്ഷം രൂപയും

2406-01-001-95-04 (1)-ൽ 5 ലക്ഷം രൂപയും

2406-01-101-99-04 (1)-ൽ 3ലക്ഷം രൂപയും

അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത നൽകുന്നതിനായി 2008-09 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക പരിമിതമായതിനാൽ വിഷയ നിർണ്ണയസമിതിയുടെ ശുപാർശപ്രകാരം ആവശ്യമായ അധികതുക ധനപുനർവിനിയോഗംവഴി കണ്ടെത്തുന്നതിനു നടപടി സ്വീകരിക്കുകയുണ്ടായി. ആയതനുസരിച്ച് വിവിധ ബഡ്ജറ്റ് ശീർഷകങ്ങൾ അനുവദിച്ച അധിക തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ബഡ്ജറ്റ് ശീർഷകം | | അധിക തുക |
|---|---|---|
| 2406-01-001-99-04-1-Tour TA | : | 5,44,000 രൂപ |
| 2406-01-001-98-04-1-Tour TA | : | 4,000 രൂപ |
| 2406-01-001-97-04-1-Tour TA | : | 9,000 രൂപ |
| 2406-01-001-96-04-1-Tour TA | : | 1,27,000 രൂപ |
| 2406-01-001-95-04-1-Tour TA | : | 86,000 രൂപ |
| 2406-01-001-93-04-1-Tour TA | : | 26,000 രൂപ |
| 2406-01-003-99-04-1-Tour TA | : | 15,000 രൂപ |
| 2406-01-105-92-04-1-Tour TA | : | 4,000 രൂപ |
| 2406-01-800-95-04-1-Tour TA | : | 1,94,000 രൂപ |
| 2406-02-110-99-04-1-Tour TA | : | 15,000 രൂപ |
| 2406-02-110-93-04-1-Tour TA | : | 5,000 രൂപ |
| 2406-02-110-68-04-1-Tour TA | : | 75,000 രൂപ |

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2009-10-ലെ നാലാമത് റിപ്പോർട്ട്

### ഖണ്ഡിക നമ്പർ 67

#### ശുപാർശ

അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ, സർവ്വെ പ്രവർത്തനങ്ങൾ, കാവുകളുടെ സംരക്ഷണം, ചന്ദനംപോലുള്ള പ്രത്യേകയിനം കാടുകളുടെ സംരക്ഷണം, പടർന്ന് പിടിക്കുന്ന കളകളുടെ നിയന്ത്രണം, പൂത്തുനിൽക്കുന്ന മുളകളുടെ പരിപാലനം എന്നീ പ്രവർത്തനങ്ങൾക്കായി 75% കേന്ദ്ര വിഹിതമായി 600 ലക്ഷം രൂപയും 100% കേന്ദ്രവിഹിതമായി 285 ലക്ഷം രൂപയും അനുവദിക്കുമെന്നതിനാൽ സംസ്ഥാന വിഹിതമായി 485 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ, സർവ്വെ പ്രവർത്തനങ്ങൾ, കാവുകളുടെ സംരക്ഷണം, ചന്ദനംപോലുള്ള പ്രത്യേകയിനം കാടുകളുടെ സംരക്ഷണം, പടർന്ന് പിടിക്കുന്ന കളകളുടെ നിയന്ത്രണം, പൂത്തുനിൽക്കുന്ന മുളകളുടെ പരിപാലനം എന്നീ പ്രവർത്തനങ്ങൾക്കായി 2406-01-800-61-സംയോജിത വനസംരക്ഷണപദ്ധതി (75% കേന്ദ്രാവിഷ്കൃത പദ്ധതി) എന്ന ശീർഷകത്തിൽ 556 ലക്ഷം രൂപ, പ്രസ്തുത പദ്ധതികൾക്കുള്ള കേന്ദ്രസഹായം ലഭിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### ഖണ്ഡിക നമ്പർ 76

#### ശുപാർശ

വനംവകുപ്പിൽ ഡിവിഷൻ തലംവരെ കമ്പ്യൂട്ടർവലക്കരണം നടന്നിട്ടുണ്ട്. വനവിഭവങ്ങളെ ശാസ്ത്രീയരീതിയിൽ പരിപാലിക്കുന്നതിന് ഒരു ജി.ഐ.എസ്. യൂണിറ്റും എഫ്.എം.ഐ.എസ്. യൂണിറ്റും സ്ഥാപിതമായിട്ടുണ്ട്. എഫ്.എം.ഐ.എസ്-ന്റെ വികസനം, എഫ്.എം.ഐ.എസ്/പി.എഫ്.എം.എസ് മോഡ്യൂൾ തുടങ്ങിയ സോഫ്റ്റ്വെയർ അപ്ഗ്രഡേഷൻ, ജി.ഐ.എസ് സോഫ്റ്റ്വെയർ അപ്ഗ്രഡേഷൻ, കമ്പ്യൂട്ടറുകളുടെ അപ്ഗ്രഡേഷൻ അറ്റകുറ്റപ്പണികൾ, മാപ്പുകൾ, സാറ്റ്ലൈറ്റ് ഇമേജറീസ്, ഡാറ്റാബേസ് തുടങ്ങിയ പ്രവർത്തനങ്ങൾ ഈ ശീർഷകത്തിൽനിന്നും നടന്നുവരുന്നു. ഇതിലേക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

വനംവകുപ്പിൽ സ്ഥാപിതമായിട്ടുള്ള ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രഫിക്കൽ വിവര സമ്പ്രദായവും പരിപാലിക്കുന്നതിനും പുതിയ സാങ്കേതിക

വിദ്യ സ്വായത്തമാക്കുന്നതിനുമായി 2406-01-800-57-ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും എന്ന ശീർഷകത്തിൽ 2009-10 സാമ്പത്തിക വർഷം അനുവദിച്ച 100 ലക്ഷം രൂപ വിനിയോഗിക്കുന്ന മുറയ്ക്ക് അധിക തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഖണ്ഡിക നമ്പർ 79

ശുപാർശ

വനംവകുപ്പിൽ അടിസ്ഥാന ആഫീസായ റെയിഞ്ച്തലംവരെ കമ്പ്യൂട്ടർവൽക്കരണം നടത്തിയിട്ടുണ്ട്. കേരള വനംവകുപ്പിന് വെബ് ഹോസ്റ്റിംഗ് നടത്തി വനംവകുപ്പിന്റെ സൈറ്റ് ഇന്റർനെറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിച്ചുള്ള ആധുനിക ഭൗമ വിവരസാങ്കേതിക വിഭാഗം വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതായും മറ്റ് പ്രധാന പ്രവർത്തനമേഖലകളിലേക്കും കമ്പ്യൂട്ടർവൽക്കരണം വ്യാപിപ്പിക്കുകയും ചെയ്തുവരുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ വിഭാഗത്തിൽ ജോലിനോക്കുന്ന 33 സ്ഥിരം ജീവനക്കാരുടെയും ഏതാനും ദിവസക്കൂലി ജീവനക്കാരുടെയും ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവ് വാഹനങ്ങളുടെ ചെലവ് എന്നിവയിലേക്കായി 80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വനംവകുപ്പിൽ ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രഫിക്കൽ വിവര സമ്പ്രദായവും നടപ്പിലാക്കുന്നതിനും പരിപാലിക്കുന്നതിനുമായി നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവ്, വാഹനങ്ങളുടെ ചെലവ് എന്നിവയ്ക്കായി ഈ വിഭാഗത്തിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് 2406-01-102-92-ഇക്കോളജി ഡവലപ്മെന്റ് എന്ന ശീർഷകത്തിൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഖണ്ഡിക നമ്പർ 83

ശുപാർശ

സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും നാഷണൽ പാർക്കുകളുടെയും വികസനത്തിനായി കേന്ദ്ര സർക്കാർ നൽകിവരുന്ന ധനസഹായം ഈ വർഷംമുതൽ സംരക്ഷിത മേഖലകൾക്ക് പുറത്തുള്ള മേഖലകളെയും സംരക്ഷിക്കുന്നതിനായി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പുതിയ പദ്ധതി വന്യജീവി ആവാസങ്ങളുടെ സംയോജിത വികസന പദ്ധതി എന്നറിയപ്പെടുന്നു. പുതിയ പദ്ധതിപ്രകാരം താഴെപ്പറയുന്ന 3 വിഭാഗങ്ങളിലായി പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയുണ്ടായി.

- സംരക്ഷിത മേഖലകളുടെ വികസനത്തിനായുള്ള പദ്ധതികൾ

- സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ള വനമേഖലയിലെ ജൈവസമ്പത്തിന്റെ വികസനത്തിനുള്ള പദ്ധതികൾ.

- വനത്തിനു പുറത്തുള്ള ജൈവസമ്പത്തിന്റെ പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ.

ഈ പദ്ധതിയിൻ കീഴിൽ വന്യജീവി വിഭാഗത്തിൽനിന്നും താഴെപ്പറയുന്ന 12 പുതിയ പദ്ധതികൾ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

1. കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനം.
2. കോൾ നിലങ്ങളുടെ പരിപാലനത്തിനായുള്ള പദ്ധതി.
3. മാങ്കുളം വനം ഡിവിഷനിലെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനുള്ള പദ്ധതി.
4. റാന്നി ഡിവിഷനിലെ ഡുഡ്രിക്കൽ വനപ്രദേശത്തിന്റെ സംരക്ഷണം.
5. കാവുകളും വനത്തിന് പുറത്തുള്ള ജൈവസമ്പന്നമായ മറ്റ് ആവാസങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി.
6. കക്കയം വനമേഖലയുടെ സംരക്ഷണം.
7. മലയാറ്റൂർ ഡിവിഷനിലെ അതിപ്രധാന ജൈവവൈവിദ്ധ്യമേഖലയുടെ സംരക്ഷണം.
8. വേമ്പനാട് തണ്ണീർത്തടത്തിന്റെ സംരക്ഷണം.
9. നിലമ്പൂർ സൗത്ത് ഡിവിഷനിലെ ന്യൂ അമരമ്പലം മേഖലയിലെ ജൈവ വൈവിദ്ധ്യ സംരക്ഷണം.
10. കുറിച്ചിയാർമല-ബാണാസുരമല (വയനാട് സൗത്ത് ഡിവിഷൻ) അതി പ്രധാന ജൈവവൈവിദ്ധ്യ മേഖലയുടെ സംരക്ഷണം)
11. മുത്തിക്കുളം വനമേഖലയുടെ സംരക്ഷണം.
12. വാഴച്ചാൽ ഡിവിഷനിലെ അതിപ്രധാന ജൈവവൈവിദ്ധ്യമേഖലയുടെ സംരക്ഷണം.

2009-10 സാമ്പത്തിക വർഷംതന്നെ നടപ്പിൽ വരുത്തേണ്ട ഈ പദ്ധതി കൾക്കായി പുതിയ ബഡ്ജറ്റ് ഹെഡും പ്രസ്തുത ഹെഡിൽ 600 ലക്ഷം രൂപയും അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേന്ദ്ര സർക്കാർ പുതുതായി ആരംഭിച്ച വന്യജീവി ആവാസങ്ങളുടെ സംയോജിത വികസന പദ്ധതിയിൽപ്പെടുത്തി കേരളത്തിലെ സംരക്ഷിത മേഖലയ്ക്കു പുറത്തുള്ള വന്യജീവികളുടെ സംരക്ഷണത്തിനായി തയ്യാറാക്കി സമർപ്പിച്ച പദ്ധതി കൾക്കുള്ള കേന്ദ്രാനുമതി ലഭിച്ചതിനെത്തുടർന്നു സബ്ജക്ട് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ പുതിയ ബഡ്ജറ്റ് ശീർഷകവും തുകയും അനുവദിക്കുന്നതിന് സർക്കാരിൽ സമർപ്പിച്ച ശുപാർശ കണക്കിലെടുത്ത് 2009 ജൂലൈ മാസത്തെ

ഉപധനാഭ്യർത്ഥയിലൂടെ 2406-02-110-52-വന്യജീവി ആവാസങ്ങളുടെ സംയോജിത വികസന പദ്ധതി (സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ള വന്യജീവികളുടെ സംരക്ഷണം) എന്ന പുതിയ ബഡ്ജറ്റ് ശീർഷകത്തിൽ 307.22 ലക്ഷം രൂപ അനുവദിച്ചു ലഭിച്ചിട്ടുണ്ട്. കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനത്തിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പുതിയ ബഡ്ജറ്റ് ശീർഷകത്തിൽ 19 ലക്ഷം രൂപ അനുവദിച്ചു ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2009-10-ലെ നാലാമത് റിപ്പോർട്ട്

ഖണ്ഡിക നമ്പർ 71

ശുപാർശ

വനാതിർത്തികളോട് ചേർന്ന വില്ലേജുകളിലും വനത്തിനുള്ളിലുള്ള ആദിവാസി സെറ്റിൽമെന്റുകളിലും വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കൽ, ആനയുടെ ആക്രമണം തടയാൻ ട്രഞ്ച്, കമ്പിവേലി തുടങ്ങിയവയുടെ നിർമ്മാണം, ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, പൊതുജനങ്ങളിൽ പ്രകൃതി സംരക്ഷണാവബോധം വളർത്തുക, കാട്ടുതീ തടയൽ, പരിസ്ഥിതി വികസന പ്രവർത്തനം, വന്യജീവി വാരാഘോഷം എന്നിവക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വനാതിർത്തികളോട് ചേർന്ന വില്ലേജുകളിലും ആദിവാസി സെറ്റിൽമെന്റുകളിലും വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കൽ, ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, പൊതുജനങ്ങളിൽ പ്രകൃതി സംരക്ഷണാവബോധം വളർത്തുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2406-02-110-93-പെരിയാർ ടൈഗർ റിസർവ്വ് പ്രൊജക്ട് എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്രവിഹിതം ലഭ്യമാക്കിയിട്ടുണ്ട്. 50% കേന്ദ്ര സഹായം ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. 2009-10 സാമ്പത്തിക വർഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 307.85 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാനിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്രസഹായത്തിനാനുപാതികമായ സംസ്ഥാന വിഹിതമുൾപ്പെടെ വേണ്ടി വരുന്ന അധിക തുക 23-1-2010-ലെ ജി. ഒ. (ആർ.റ്റി.) 606/10/ധന. ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 74

ശുപാർശ

ഇപ്പോൾ നടപ്പിലാക്കിവരുന്ന ഹരിതകേരളം, എന്റെമരം, നമ്മുടെമരം, വഴിയോരത്തണൽ മുതലായ പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണ പരിപാടി കൾക്കും മറ്റുമായാണ് ഈ ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം മുൻവർഷത്തെ വിഹിതത്തെക്കാൾ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2406-01-800-98-FP-എന്ന ശീർഷകത്തിൽ 2008-09-ൽ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് 200 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയത് സോഷ്യൽ ഫോറസ്ട്രി വിഭാഗം ആസൂത്രണം ചെയ്ത വിവിധ പദ്ധതികൾക്ക് വിനിയോഗിച്ചു. കേരളത്തിലെ പഞ്ചായത്തുകൾവഴി വനേതര പ്രദേശങ്ങളിൽ വൃക്ഷവൽക്കരണം (ഹരിതകേരളം പദ്ധതി) 29-11-2008-ൽ ജി.ഒ. (ആർ.റ്റി.) 10241/08/ധന. ഉത്തരവ് പ്രകാരം 100 ലക്ഷം രൂപ മേൽപറഞ്ഞ ശീർഷകത്തിൽ അധികമായി 2008-09 വർഷത്തിൽ അനുവദിച്ചു.

2009-10 വർഷത്തിലേക്ക് 296 ലക്ഷം രൂപ ഫോറസ്റ്റ് പബ്ളിസിറ്റി ബഡ്ജറ്റ് ഹെഡിൽ അലോട്ട് ചെയ്തിരുന്നു. ഇതിനുപുറമെ മേൽപറഞ്ഞ ശീർഷകത്തിൽ പദ്ധതി നടത്തിപ്പിനായി അധികം തുക ആവശ്യപ്പെട്ടിട്ടുണ്ട്.

ഖണ്ഡിക നമ്പർ 78

ശുപാർശ

കുടിയേറ്റ വനഭൂമിയിൽ തീറാധാരം നൽകുന്നതിന് പകരമായുള്ള വനവൽക്കരണം, സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് നടത്തി വരുന്നത്. എന്റെമരം, വഴിയോരത്തണൽ, നമ്മുടെമരം, ഹരിതതീരം, ഹരിതകേരളം തുടങ്ങിയ പദ്ധതികളും നേരത്തെ തുടങ്ങി വച്ച പദ്ധതികളുടെ സംരക്ഷണവും നടത്തിവരുന്ന ഈ വിഭാഗത്തിൽ 450-ഓളം സ്ഥിരം ജീവനക്കാർ ജോലി നോക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതി കൾ നടത്തുന്നതിന് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ തുടർന്നുള്ള പ്രവർത്തനം അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ ശമ്പളം, യാത്രാബത്ത, ആഫീസ് ചെല വ്, വാഹനങ്ങളുടെ ചെലവ് എന്നിവയ്ക്കായി 700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2406-01-102-98-പരിസ്ഥിതി വികസനം, ലോകബാങ്ക് സഹായമുള്ള സാമൂഹ്യ വനവൽക്കണം എന്ന ശീർഷകത്തിൽ 2008-09 വർഷം 700 ലക്ഷം രൂപ അനുവദി ച്ചിട്ടുണ്ട്. എന്നാൽ, 2009-10 വർഷത്തേക്ക് 500 ലക്ഷം രൂപ മാത്രമാണ് നൽകി യിട്ടുള്ളത്.

## ഭാഗം II

### ചട്ടങ്ങളുടെ പരിശോധന

വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കരടുചട്ടം പരിഗണിക്കുകയും ഭേദഗതി നിർദ്ദേശിക്കുകയും ചെയ്തു.

### 1. ടൂറിസം വകുപ്പ്

#### കരട് ചട്ടം

കേരള ടൂറിസം സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്

(ഫയൽ നമ്പർ 17244/സബ്സി.ഡി2/08/ലെജി.)

കേരള ടൂറിസം സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2008 സമിതി 2009-ൽ പരിഗണിച്ചിട്ടുള്ളതാണ്. പ്രൊമോഷൻ തസ്തിക സംബന്ധിച്ച് വിശദമായി പഠിച്ചതിനുശേഷം സമർപ്പിച്ചിരിക്കുന്ന കരട് ചട്ടം പരിഗണിച്ച സമിതി, ഇൻഫർമേഷൻ അസിസ്റ്റന്റ് എന്ന തസ്തിക പുനർനാമകരണം ചെയ്ത് അസിസ്റ്റന്റ് ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ വഴി നിയമനം നടത്തുമ്പോൾ നിലവിൽ പ്രൊമോഷന് പരിഗണിക്കുന്ന ടെലിഫോൺ ഓപ്പറേറ്റർ എന്ന മൂന്നാമത്തെ കാറ്റഗറിയിൽ ഷോഫർ തസ്തിക കൂടി ഉൾപ്പെടുത്തുന്നതിനും യു.ഡി. ടൈപ്പിസ്റ്റ്, ക്ലാർക്ക് തുടങ്ങിയ ഉദ്യോഗസ്ഥർക്ക് പുറമേ വകുപ്പിലുള്ള ഡ്രൈവർമാരെ ക്കൂടി ഉൾപ്പെടുത്തി 3:1:2:2 എന്ന റേഷ്യോയിൽ പ്രൊമോഷൻ നൽകുന്നതിനും ആ വിധത്തിൽ മാറ്റം വരുത്തി പി.എസ്.സി.യുടെ അംഗീകാരത്തോടുകൂടി റൂളിൽ ഭേദഗതി വരുത്തേണ്ടതുമാണെന്ന് ശുപാർശ ചെയ്തു.

### 2. വനം വന്യജീവി വകുപ്പ്

1. എസ്.ആർ.ഒ.യുടെ സാധൂകരണം

2009-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ്സ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി റൂൾ (എസ്.ആർ.ഒ. നമ്പർ 1010/09)

2009-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ്സ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി സംബന്ധിച്ച് സമിതിയുടെ മുൻകൂർ അനുമതി കൂടാതെ ചട്ടം പ്രസിദ്ധപ്പെടുത്തേണ്ടി വന്ന നടപടി സമിതി അംഗീകരിക്കുകയും എസ്.ആർ.ഒ. സാധൂകരിക്കുകയും ചെയ്തു.

2. സമിതി ആവശ്യപ്പെട്ട അധികവിവരം സംബന്ധിച്ച സ്റ്റേറ്റുമെന്റുകൾ

(എ) 27-5-2002-ലെ യോഗ ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

27-5-2002-ലെ സമിതിയോഗം കണ്ടൽക്കാടുകൾ നശിപ്പിക്കുന്നത് തടയാനും കുറ്റക്കാർക്ക് എതിരെ ഫലപ്രദമായ ശിക്ഷാനടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന സമിതിയുടെ ശുപാർശയിന്മേൽ വകുപ്പു സ്വീകരിച്ച നടപടി സമിതി അംഗീകരിക്കുകയും കണ്ടൽക്കാടുകൾ നഷ്ടപ്പെടുത്തരുതെന്ന പൊതുനയത്തിന് വിധേയമായി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

(ബി) 7-10-2008-ലെ യോഗ ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

7-10-2008-ലെ യോഗം കേരള വനം പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്ത്വം നടത്തിപ്പും ആക്ട് സംബന്ധിച്ച എസ്.ആർ.ഒ. നമ്പർ 837/2007.

പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുൻപ് അക്കാര്യം റവന്യൂ വകുപ്പിനെക്കൂടി അറിയിക്കേണ്ടതും എം.എൽ.എ.മാർ, പ്രിൻസിപ്പൽ സി.സി.എഫ്, റവന്യൂ സെക്രട്ടറി എന്നിവർ അംഗങ്ങളായ സംസ്ഥാനതല സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി മാത്രമേ പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ പാടുള്ളൂ എന്ന സമിതിയുടെ ശുപാർശയിന്മേൽ 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്ത്വം നടത്തിപ്പും) ആക്ടിന്റെ 2-ബി, 3, 4, 15 എന്നീ വകുപ്പുകൾ പ്രകാരം സമിതിയുടെ ശുപാർശ നടപ്പാക്കിയിട്ടുണ്ടെന്ന വനം വന്യജീവി വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.
14-7-2011.

ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി X.

## അനുബന്ധം

പന്ത്രണ്ടാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി X

(വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

2010 ഡിസംബർ 7-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2010 ഡിസംബർ 7-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ബിനോയ് വിശ്വത്തിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫിഷ്യോ അംഗവും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. കോടിയേരി ബാലകൃഷ്ണനും സന്നിഹിതനായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. കെ. ബി. ഗണേഷ്കുമാർ
3. ശ്രീ. ജോർജ്ജ് എം. തോമസ്
4. ശ്രീ. സി. പി. മുഹമ്മദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി കെ. വിജയമ്മ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എൻ. കെ. രവികുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജെ. ജയിംസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സാജൻ പീറ്റർ, പ്രിൻസിപ്പൽ സെക്രട്ടറി, ഫോറസ്റ്റ് ആന്റ് ഹൗസിംഗ് ഡിപ്പാർട്ട്മെന്റ്.
2. ശ്രീ. വി. വേണു, സെക്രട്ടറി, ടൂറിസം വകുപ്പ്.
3. ശ്രീ. ആർ. രാജരാജ വർമ്മ, എ.പി.സി.സി.എഫ്. (ഡെവലപ്മെന്റ് ആന്റ് പ്രൊട്ടക്ഷൻ)
4. ഡോ. കെ. പി. ഔസോപ്പ്, സി.സി.എഫ്. (ഡെവലപ്മെന്റ്)
5. ശ്രീ. ഡബ്ലിയൂ. എസ്. സ്യൂട്ടിംഗ്, സി.സി.എഫ്. (ബി.ഡി.സി.)
6. ശ്രീ. കെ. എ. ആന്റണി, അഡീഷണൽ സെക്രട്ടറി, ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്.

7. ശ്രീ. കെ. മധുസൂദനൻ നായർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
8. ശ്രീമതി എൻ. എൽ. കല, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.
9. ശ്രീ. എൻ. കേശവൻ നമ്പൂതിരി, അഡീഷണൽ ലാ സെക്രട്ടറി.
10. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.
11. ശ്രീ. എം. ശിവശങ്കർ, ഡയറക്ടർ, ടൂറിസം ഡിപ്പാർട്ട്മെന്റ്.
12. ശ്രീ. ടി. സുരേഷ്ബാബു, അഡീഷണൽ സെക്രട്ടറി, ടൂറിസം ഡിപ്പാർട്ട്മെന്റ്.
13. ശ്രീ. എൻ. വി. ത്രിവേദി ബാബു, ചീഫ് വൈൽഡ് ലൈഫ് വാർഡൻ.
14. ശ്രീ. സി. എസ്. യലാക്കി, സി.സി.എഫ്. (ഐ.എച്ച്.ആർ.ഡി.).

സമിതി, ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട കരട് ചട്ടം, വനം-വന്യജീവി വകുപ്പിന്റെ എസ്.ആർ.ഒ, സമിതി ആവശ്യപ്പെട്ട അധികവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും ഓരോന്നിനും അവയോടൊപ്പം കൊടുത്തിട്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## ടൂറിസം വകുപ്പ്

### കരട് ചട്ടം

കേരള ടൂറിസം സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്)സ്പെഷ്യൽ റൂൾസ്

(ഫയൽ നമ്പർ 17244/സബ്.സി.ഡി2/08/ലെജി)

"കേരള ടൂറിസം സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2008'' സമിതി 2009-ൽ പരിഗണിച്ചിട്ടുള്ളതാണ്. പ്രൊമോഷൻ തസ്തിക സംബന്ധിച്ച് വിശദമായി പഠിച്ചതിനുശേഷം സമർപ്പിച്ചിരിക്കുന്ന കരട് ചട്ടം പരിഗണിച്ച സമിതി, 'ഇൻഫർമേഷൻ അസിസ്റ്റന്റ്'' എന്ന തസ്തിക പുനർനാമകരണം ചെയ്ത "അസിസ്റ്റന്റ് ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ" തസ്തികയിലേക്ക് പ്രമോഷൻ വഴി നിയമനം നടത്തുമ്പോൾ നിലവിൽ പ്രൊമോഷന് പരിഗണിക്കുന്ന ടെലിഫോൺ ഓപ്പറേറ്റർ എന്ന മൂന്നാമത്തെ കാറ്റഗറിയിൽ ഷോഫർ തസ്തിക കൂടി ഉൾപ്പെടുത്തുന്നതിനും യു.ഡി. ടൈപ്പിസ്റ്റ്, ക്ലാർക്ക് തുടങ്ങിയ ഉദ്യോഗസ്ഥർക്ക് പുറമേ വകുപ്പിലുള്ള ഡ്രൈവർമാരെകൂടി ഉൾപ്പെടുത്തി 3:1:2:2 എന്ന റേഷ്യോയിൽ പ്രൊമോഷൻ നൽകുന്നതിനും ആ വിധത്തിൽ മാറ്റം വരുത്തി പി.എസ്.സി.യുടെ അംഗീകാരത്തോടുകൂടി റൂളിൽ ഭേദഗതി വരുത്തേണ്ടതുമാണെന്ന് ശുപാർശ ചെയ്തു.

## വനം-വന്യജീവി വകുപ്പ്

1. എസ്.ആർ.ഒ.യുടെ സാധൂകരണം :

"2009-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ്സ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി റൂൾ" (എസ്.ആർ. ഒ നമ്പർ 1010/09)

(ഫയൽ നമ്പർ 11591/സബ്.സി.ബി1/10/ലെജി.)

2009-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ്സ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി സംബന്ധിച്ച് സമിതിയുടെ മുൻകൂർ അനുമതി കൂടാതെ ചട്ടം പ്രസിദ്ധപ്പെടുത്തേണ്ടി വന്ന നടപടി സമിതി അംഗീകരിക്കുകയും എസ്.ആർ.ഒ. സാധൂകരിക്കുകയും ചെയ്തു.

2. സമിതി ആവശ്യപ്പെട്ട അധിക വിവരം സംബന്ധിച്ച സ്റ്റേറ്റുമെന്റുകൾ :

(എ) 27-5-2002-ലെ യോഗ ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

(ഫയൽ നമ്പർ 7679/സബ്.സി.ബി1/02/ലെജി)

27-5-2002-ലെ സമിതിയോഗം കണ്ടൽക്കാടുകൾ നശിപ്പിക്കുന്നത് തടയാനും കുറ്റക്കാർക്ക് എതിരെ ഫലപ്രദമായ ശിക്ഷാനടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന സമിതിയുടെ ശുപാർശയിന്മേൽ വകുപ്പു സ്വീകരിച്ച നടപടി സമിതി അംഗീകരിക്കുകയും കണ്ടൽക്കാടുകൾ നഷ്ടപ്പെടുത്തരുതെന്ന പൊതുനയത്തിന് വിധേയമായി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

(ബി) 7-10-2008 ലെ യോഗ ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

(ഫയൽ നമ്പർ 11487/സബ്.സി.ബി1/09/ലെജി.)

7-10-2008-ലെ യോഗം കേരള വനം പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്ത്വം നടത്തിപ്പും ആക്ട് സംബന്ധിച്ച എസ്.ആർ.ഒ. നമ്പർ 837/2007.

പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനം പുറപ്പെടുവിയ്ക്കുന്നതിനുമുൻപ് അക്കാര്യം റവന്യൂ വകുപ്പിനെക്കൂടി അറിയിയ്ക്കേണ്ടതും എം.എൽ.എ.മാർ പ്രിൻസിപ്പൽ സി.സി.എഫ്, റവന്യൂ സെക്രട്ടറി എന്നിവർ അംഗങ്ങളായ സംസ്ഥാനതല സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി മാത്രമേ പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനം പുറപ്പെടുവിയ്ക്കുവാൻ പാടുള്ളൂ എന്ന സമിതിയുടെ ശുപാർശയിന്മേൽ "2003 -ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്ത്വം നടത്തിപ്പും) ആക്ടിന്റെ 2-ബി, 3, 4, 15 എന്നീ വകുപ്പുകൾ പ്രകാരം സമിതിയുടെ ശുപാർശ നടപ്പാക്കിയിട്ടുണ്ടെന്ന വനം-വന്യജീവി വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു.

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി.

(1). 1988-89-ലെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11467/സബ്.സി.ബി1/98/ലെജി.)

ഖണ്ഡിക നമ്പർ 18.

നെല്ലിയാംപതിയിൽ നിന്നും പറമ്പിക്കുളത്തേക്കുള്ള നടപ്പാത സഞ്ചാരയോഗ്യമാക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി-വനം-വന്യജീവി സംരക്ഷണ വിദഗ്ദ്ധരുമായി വിശദമായ പഠനം നടത്തണമെന്ന സമിതിയുടെ ശുപാർശയിൽ വകുപ്പ് സ്വീകരിച്ച നടപടി സമിതി അംഗീകരിച്ചു.

(2) 2003-04-ലെ മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11567/സബ്.സി.ബി1/03/ലെജി.)

ഖണ്ഡിക നമ്പർ 10, 11

സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതി അനുസരിച്ചുള്ള 'കോസ്റ്റൽ ഷെൽറ്റർ ബെൽറ്റ് പ്ലാന്റേഷൻസ്' പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കണമെന്ന 10-ാം നമ്പർ ശുപാർശയിന്മേൽ, വനം വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു. അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ 'ഗാന്ധി സ്മൃതിവന' പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്നുള്ള 11-ാം നമ്പർ ശുപാർശ സംബന്ധിച്ച് ഇതിനകം 64 ഏക്കർ സ്ഥലം ഏറ്റെടുത്തു കഴിഞ്ഞിട്ടുള്ളതായി ചെയർമാൻ വ്യക്തമാക്കി. തുടർന്ന് വിശദമായ ചർച്ചകൾക്കുശേഷം റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(3) 2006-07-ലെ ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 12083/സബ്.സി.ബി1/06/ലെജി)

ഖണ്ഡിക നമ്പർ 46—വനം വകുപ്പുജീവനക്കാരുടെ വിദ്യാഭ്യാസവും പരിശീലനവും.

47—വനങ്ങളുടെ പുനരുദ്ധാരണം

48—വനസംരക്ഷണ പ്രവർത്തനങ്ങൾ

49—റോഡുകളുടെ സംരക്ഷണം

50—ഫോറസ്റ്റ് സ്റ്റേഷനുകളുടെ നവീകരണം.

51—തേക്ക് പോലുള്ള കടുപ്പമേറിയ മരങ്ങൾ വച്ചുപിടിപ്പിക്കൽ

52—വ്യാവസായിക അസംസ്കൃത വസ്തുക്കൾ

53—നദീതടങ്ങളിൽ മരം വച്ചുപിടിപ്പിക്കലും ഹരിതകേരളം പ്രോജക്ടും.

54—Afforestration of Ecologically Fragile Land.

55—Forest Consolidation and Acquisition of Private Forests.

56—പെരിയാർ ടൈഗർ റിസ്സർവ്വ് പ്രോജക്ട്.

57—രഹസ്യ സേവന ചെലവുകൾ.

58—പശ്ചിമഘട്ട സംരക്ഷണം.

59—ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ, ടെലിഫോൺ ചാർജ്, യാത്രാബത്ത.

60—റോഡുകളും പാലങ്ങളും.

61—കമ്മ്യൂണിക്കേഷൻ ആന്റ് ബിൽഡിംഗ്സ്.

62—വന്യമൃഗങ്ങളുടെ പരിചരണം.

എന്നീ ഖണ്ഡികകളിൽ അധിക വിഹിതം അനുവദിക്കുന്നതിനുള്ള ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സമിതി അംഗീകരിച്ചു.

(4) 2007-08-ലെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 13795/സബ്.സി.ബി1/07/ലെജി.)

ഖണ്ഡിക നമ്പർ 93—വനങ്ങളെ സംബന്ധിച്ചുള്ള പ്രചരണം.

94—വിദ്യാഭ്യാസവും പരിശീലനവും

95—ഗതാഗതവും കെട്ടിടങ്ങളും

96—റോഡുകൾ

97—വ്യാവസായിക അസംസ്കൃത വസ്തുക്കൾ

98—പരിസ്ഥിതി വികസനം

99—ജൈവ വൈവിദ്ധ്യ പദ്ധതി

100—ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി

102—ദുർബല പരിസ്ഥിതി സംരക്ഷണം

104—തീരവനം പദ്ധതി

105—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

106—യാത്രാബത്ത

107—റോഡുകളുടെയും പാലങ്ങളുടെയും സംരക്ഷണം.

എന്നീ ഖണ്ഡികകളുമായി ബന്ധപ്പെട്ട് അധിക തുക വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സമിതി അംഗീകരിച്ചു.

(5) 2008-09-ലെ മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15917/സബ്.സി.ബി1/08/ലെജി.)

ഖണ്ഡിക നമ്പർ 79, 80–വനം വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്ന 79-ാം ഖണ്ഡികയിലെ ശുപാർശയിന്മേലും യാത്രാബത്ത എന്ന 80-ാം ഖണ്ഡികയിലെ ശുപാർശയിന്മേലും വകുപ്പ് സ്വീകരിച്ച നടപടി സമിതി അംഗീകരിച്ചു.

(6) 2009-10-ലെ നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15498/സബ്.സി.ബി1/09/ലെജി)

ഖണ്ഡിക നമ്പർ 67—സംയോജിത വനസംരക്ഷണ പദ്ധതി

71—ജൈവ വൈവിദ്ധ്യ സംരക്ഷണം.

74—വനങ്ങളെ സംബന്ധിച്ചുള്ള പ്രചരണവും പരസ്യവും

76—ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രഫിക്കൽ വിവര സമ്പ്രദായവും.

ഖണ്ഡിക നമ്പർ 78—പരിസ്ഥിതി വികസനം-ലോകബാങ്ക് സഹായമുള്ള സാമൂഹ്യ വനവൽക്കരണം-ഒന്നാംഘട്ടം

ഖണ്ഡിക നമ്പർ 79—പരിസ്ഥിതി വികസനം- ലോകബാങ്ക് സഹായമുള്ള സാമൂഹ്യ വനവൽക്കരണം-രണ്ടാം ഘട്ടം.

ഖണ്ഡിക നമ്പർ 83—ഉം 84-ഉം—വന്യജീവി ആവാസങ്ങളുടെ സംയോജിത വികസന പദ്ധതി.

കൂടാതെ വനാതിർത്തിയിലുള്ള കൃഷി കാട്ടുമൃഗങ്ങൾ നശിപ്പിക്കുന്നതിന് നഷ്ട പരിഹാരം നൽകുന്നതിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മുൻപ് ആനയിറങ്ങി കൃഷി നശിപ്പിച്ചാൽ മാത്രമേ നഷ്ടപരിഹാരം നൽകാൻ നിയമമുണ്ടായിരുന്നുള്ളൂവെന്നും ഇപ്പോൾ പന്നി, മയിൽ തുടങ്ങിയ ജീവികൾമൂലം കൃഷിനാശം സംഭവിച്ചാലും ധനസഹായം നൽകുന്നുണ്ടെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

സംസ്ഥാനത്തെ മൂന്നാർ, തുഷാരഗിരി തുടങ്ങിയ ഹിൽ സ്റ്റേഷനുകളിൽ നൈനിറ്റാൾ മാതൃകയിൽ പരിസ്ഥിതി വിനോദസഞ്ചാരം വികസിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി സമിതി നൈനിറ്റാൾ സന്ദർശിക്കുന്നതിനും അവിടെ നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും തീരുമാനിച്ചു. നിയമസഭാ സമ്മേളനത്തിനുശേഷം ജനുവരിയിൽ സന്ദർശന പരിപാടി നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

സമിതി വൈകുന്നേരം 4.00 മണിക്ക് യോഗം പിരിഞ്ഞു.